DEMAND XIV.

FINANCIAL SECRETARIAT AND ACCOUNT OFFICE,

Rao Bahadur A. Rengasvami Aiyar: Sir, I move for a grant not exceeding Rs. 1,90,694 under Demand XIV—Financial Secretariat and Account Office.

Mr. J. John Kattakayam: ഫൈനാൻസും അക്കൌണ്ടും തമ്മിൽ ചേർത്തിരിച്ചപ്പോൾ ഇന്നാട്ടെ വിദ്വാനായ ഫൈനാൻഷ്യൽ സെക്രട്ടറി ഒരു പുതിയ സാമ്പത്തികനയം കണ്ടുപിടിച്ചു പ്രയോഗത്തിൽ വരുത്തും എന്നു ഞങ്ങൾ ആശിച്ചിരുന്നു. എന്നാൽ ഞങ്ങളുടെ ആശ ജലത്തിലെ കുമിളകൾ എന്നപോലെ കലാശിക്കുകയാണുണ്ടായത്. പഴയരീതിയിൽ കണക്കുകൾ ക്രട്ടുവാനും കൊടുക്കുവാനും ഉള്ള ജോലിമാത്രം ചെയ്യുക എന്നുള്ളതാണു ഫൈനാൻഷ്യൽ സെക്രട്ടറിയുടെ ജോലിയെങ്കിൽ ഒരാളെ പുറത്തുനിന്നും വരുത്തേണ്ട ആവശ്യമുണ്ടായിരുന്നോ എന്നു ഞാൻ ചോദിക്കുന്നു? ബഡ്ജറ്റു തയ്യാറാക്കുന്നതിൽ തനിക്കു യാതൊരു ഉത്തരവാദിത്വവുമില്ലെന്ന് അദ്ദേഹം പ്രസ്താവിച്ചതായി കേട്ടു. ഇതുവരെ ഒരു ഫൈനാൻഷ്യൽസെക്രട്ടറിയും പ്രസ്താവിക്കാത്ത ഒരു അഭിപ്രായമാണിത്; അദ്ദേഹത്തിനു ബഡ്ജറ്റിനെപ്പറ്റി യാതൊരുത്തരവാദിത്വവുമില്ലെങ്കിൽ പിന്നെ ഉത്തരവാദിത്വം ആർക്കാണുള്ളത്? ബഡ്ജറ്റിൽ കാണുന്ന ന്യൂനതകൾക്ക് ആരേയാണു കുറ്റപ്പെടുത്തേണ്ടതെന്നു ഞാൻ ഗവണ്മെൻറിനോടു ചോദിച്ചുകൊള്ളുന്നു?

ഇനി എനിക്കു സ്റ്റോറ് എയിഡഡ് ബാങ്കിനെക്കുറിച്ചാണു പറയുവാനുള്ളത്. ഈ ബാങ്കിന് ഗവണ്മെൻറ് ചിലസഹായങ്ങൾ ചെയ്തിട്ടുണ്ട് എന്നു ഞാൻ സമ്മതിക്കുന്നു. എങ്കിലും ഗവണ്മെൻറിന്റെ മഹനീയമായ നാമം ഈ ബാങ്കുമായി സംഘടിപ്പിച്ചു നമ്മുടെ ശ്രീവാഴുംകോടിനെ മലീമസമാക്കുണ്ടിവന്നതു തുലോം ശോചനീയം എന്നു പറയാതെ നിവൃത്തിയില്ല. നാഷണൽബാങ്ക്, കായിലോൺബാങ്ക് എന്നിങ്ങനേയുള്ള മറ്റു ബാങ്കുകളും തിരുവിതാംകൂറിൽ നല്ലനിലയിൽ നടത്തപ്പെടുന്നുണ്ട്. ഇതിൽ ഓഹരികൾ എടുത്തു സഹായിച്ചിട്ടുള്ളവരുടെ നാമം പ്രസ്തുതസ്ഥാപനങ്ങളോടു സംഘടിപ്പിച്ചു ചേർക്കുന്നില്ല. ഗവണ്മെൻറിൽനിന്നും ഓഹരി എടുത്തും മറ്റും സഹായം ചെയ്തിട്ടുള്ളതുമൂലം നമ്മുടെ സ്റ്റോറിന്റെ പേരുകൂടി ഘടിപ്പിക്കുവാൻ ഗവണ്മെൻറു സമ്മതിച്ചതുതന്നെ ഭിമാബദ്ധമായിപ്പോയിഎന്നു എത്രതന്നെ പറഞ്ഞാലും അതു കുറ്റം അധികമാകുന്നതല്ല. നമ്മുടെ സ്റ്റോറ് എയിഡഡ് ബാങ്കിൽ നടക്കുന്നഅഴിമതികൾക്കുത്തരവാദികൾ ആരാണ്? അവ പരിഹരിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

ഗവണ്മെൻറ് എന്തുചെയ്യും? ഈ ബാങ്കിനെപ്പറ്റി പല ദുഷ്കേഴ്വികളും നിരന്തരം നിരാക്ഷേപമായി മാറെറാലിക്കൊണ്ടിരിക്കുന്നുണ്ട്. ശരിയായ നടപടികളും നടത്തി ബാങ്കിൻെറ പേർനേയും ബാക്കുവക മുതലുകളേയും ദുരുപയോഗപ്പെടുത്തിയവർ ആരുതന്നെആയാലും അവരെ മാതൃകായോഗ്യമായി ശിക്ഷിച്ചും നഷ്ടപ്പെട്ടതുക അവരിൽനിന്നും ഈടാക്കിയുംമാത്രം ബാങ്കിൻെറ പ്രവർത്തനം കാര്യക്ഷമമായി തീർക്കേണ്ട ചുമതല ഗവണ്മെൻറിനല്ലയോ? ബാങ്കിൻെറ പൊതുയോഗത്തിൽ ഗവണ്മെണ്ട് ഇടപെടുന്നതെന്തിന്. ഇങ്ങനേയുള്ള ദുഷ്പേരുകൾ ഗവണ്മെണ്ടു് എന്തിനു സമ്പാദിക്കുന്നു? ഗവണ്മെണ്ടിൻെറ പേരിനെക്കൂടി ഘടിപ്പിച്ചു സ്ഥാപിച്ചിരിക്കുന്ന ഈ ബാങ്കിൻെറ ഇന്നത്തെ അനാശാസ്യ നിലയിൽ ഗവണ്മെൻറിൻെറ ക്രഡിറ്റുകൂടി നശിക്കുകയാണു ചെയ്യുന്നതു്. അതു നല്ലതാണോ? മൈസൂർ മുതലായ സ്ഥലങ്ങളിൽ ഇതുപോലെ നടത്തുന്ന ബ്ലേറ്റുബാങ്കുകൾ ഭംഗിയായും പൊതുജനോപകാരപ്രദമായും ആദായകരമായും നടത്തുന്നതു കാണുമ്പോൾ നമ്മുടെ ബാങ്കിൻെറ ഇന്നത്തെ അവസ്ഥയിൽ നാം വാസ്തവത്തിൽ ലജ്ജിക്കേണ്ടതല്ലയോ? ഈ ബാങ്കിനുള്ളിൽ ആവശ്യമില്ലാത്ത വർഗ്ഗീയവിഷമതകളും അന്യായമായ ചൂഷണങ്ങളും ഉണ്ടു്. അതിനുള്ള മാർഗ്ഗങ്ങൾ സൃഷ്ടിച്ചുവിടുമ്പോൾ ആരും തടയുന്നില്ല. ഈ ബാങ്കിനെപ്പറ്റി അനേകം പ്രസിദ്ധീകരണങ്ങൾ ഗവണ്മെണ്ടുതന്നെ പുറത്തു പ്രകാശിപ്പിച്ചിട്ടുണ്ടു്. മദ്രാസിൽനിന്നും പ്രേസർ ആൻഡ് കമ്പനിക്കാരെ വരുത്തി ആഡിറ്റുചെയ്യിച്ചു. ആ ആഡിറ്റുറിപ്പോർട്ടു പ്രസിദ്ധപ്പെടുത്തിയിട്ടില്ല. പ്രസിദ്ധപ്പെടുത്തണമെന്നു ഞങ്ങൾ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചു. ഞങ്ങളുടെ അപേക്ഷകൾ കേവലം കാനനരോദനമായി പരിണമിച്ചതേയുള്ളു. ഇപ്പോൾ രണ്ടു പേരെ ഗവണ്മെണ്ടു അതിഥികളായി വരുത്തിക്കൊണ്ടു ബാങ്കിൻെറ കണക്കുകൾ പരിശോധിച്ചിരിക്കുന്നതായിക്കാണുന്നു. അവർക്കു ഭീമമായ പ്രതിഫലംകൊടുക്കുന്നു; ബാങ്കുവക ഒരു യോഗം വിളിച്ചുകൂട്ടുവാൻ തുടങ്ങിയപ്പോൾ ഗവണ്മെണ്ടു നിരോധനാജ്ഞ കൊടുത്തു് അതു തടഞ്ഞു.

Chairman: ഫിനാൻഷ്യൽസെക്രട്ടറിയുടെ കാര്യമാണു ഇവിടെ പറയേണ്ടതു്. അല്ലാതെ നിരോധനാജ്ഞയുടെ കാര്യമല്ല.

Mr. J. John Kattakayam: നമ്മുടെ സാമ്പത്തികസ്ഥിതി സുസ്ഥിരമാണെന്നു ഫിനാൻഷ്യൽസെക്രട്ടറി പറഞ്ഞു. ഏതു മാനദ

LIBRARY ARCHIVES Kerala Legislative Assembly

ണ്ഡത്തെ അടിസ്ഥാനപ്പെടുത്തിയാണ് അദ്ദേഹം ഈ അഭിപ്രായം പുറപ്പെടുവിച്ചത് എന്നറിഞ്ഞാൽകൊള്ളാം. നമ്മുടെ റിസർവ് ഫണ്ടു കുറഞ്ഞുവരുന്നതിനെപ്പറ്റി അദ്ദേഹം ഒന്നും പറയുന്നില്ല സാമ്പത്തികസ്ഥിതി സുസ്ഥിരമായിരുന്നുവെങ്കിൽ റിസർവുഫണ്ടിന്റെ അനാശാസ്യനിലയെ കൂടി ന്യായീകരിച്ചു കാണിക്കേണ്ടിയിരുന്നു.

റയിൽവേ സംബന്ധിച്ചുള്ള കണക്കുകൾ ഫിനാൻഷ്യൽസെക്രിട്ടറിയുടെ പക്കൽ ഉണ്ട്. പക്ഷെ അദ്ദേഹം ആ കണക്കുകൾ ശരിയായി നോക്കുന്നുണ്ടോ എന്നുള്ള കാര്യം സംശയമാണ്. ഗവണ്മെൻറ് റയിൽവേയിൽ വലിയമുതൽ മുടക്കുന്നുണ്ട്. മൈസൂരിലും കൊച്ചിയിലും റയിൽവേ ആദായകരമായിരിക്കുന്നു. ഇവിടെമാത്രം നഷ്ടപ്പെടുന്നു. ഇതിനുള്ള കാരണം എന്താണെന്നറിയണം. കണക്കുകൾ ശരിയായി ചെക്കു ചെയ്താൽ അതു എളുപ്പത്തിൽ കണ്ടുപിടിക്കാൻ കഴിയും. നമ്മുടെ ആളുകളെ റയിൽവേയിൽ ഉദ്യോഗത്തിൽ നിയമിക്കുന്നില്ല. ഗവണ്മെൻറ് ആവക സംഗതികൾ ശ്രദ്ധിക്കേണ്ടതല്ലയോ. കൊച്ചിയിലും മറ്റും റയിൽവേ ബ്രോഡ്ഗേജാക്കി. ഇവിടേയുള്ളത് ഒരു മുറി റയിൽവേയാണ്. എന്തുകൊണ്ടു ബ്രോഡ്ഗേജാക്കുന്നില്ല എന്നു ഞാൻ ചോദിക്കുന്നു? ഒരു പരിഷ്കൃതരാജ്യത്തിന്റെ ലക്ഷണങ്ങളിൽ സർവപ്രധാനമായതു രാജ്യത്തിന്റെ മദ്ധ്യഭാഗത്തുകൂടി ഒരറ്റംമുതൽ മറ്റേഅറ്റംവരെ ഒരു റെയിൽവേ ഉണ്ടായിരിക്കുക എന്നുള്ളതാണ്. കന്യാകുമാരിമുതൽ ആലുവാവരെ റയിൽവേ ഉടനെ തുറക്കണം.

ഗവണ്മെണ്ടിനു കടം-എടുക്കണ്ട ആവശ്യംകൂടി വന്നാൽ രാജ്യത്തിന്റെ ക്രഡിറ്റു നശിക്കുമെന്നു പറയുന്നു. എന്നാൽ പുതിയ ഫിനാൻഷ്യൽസെക്രിട്ടറിയുടെ ആദർശം ഇതിനു വിരുദ്ധമായിട്ടുള്ള ഒന്നാണെന്നു തോന്നുന്നു. നമ്മുടെ രാജ്യം കടമെടുത്തു എന്നകാരണത്താൽ ക്രഡിറ്റു നശിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിച്ചുകൊള്ളുന്നു? പുതിയ പൊണ്ടാട്ടിവന്നു, തറവാട്ടു പണയമെഴുതി എന്നു ഒരു തറവാട്ടുകാരണവൻ പറഞ്ഞതുപോലെയാണ് പുതിയ ഫിനാൻഷ്യൽസെക്രിട്ടറിവന്നു ഉടനെ പ്രവർത്തിച്ചതു് അദ്ദേഹം വന്നുടനെ ഒരു വലിയ സംഖ്യ കടം എടുക്കുകയാണ് ചെയ്തതു്.

ഇനി സഹകരണപ്രസ്ഥാനത്തെ ജാമ്യബാങ്കിന്റെ സ്ഥിതി എന്താണെന്നു നോക്കാം. അതിൽ ഒരു വ്യക്തിക്കു ആദ്യം മൂവായിരം രൂപയും ഇപ്പോൾ അയ്യായിരം രൂപയും കടം കൊടുക്കുവാനുള്ള തുക

LIBRARY ARCHIVES Kerala Legislative Assembly

[Mr. J. John Kattakayam.]

യുടെ പരിധി ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. വലിയ സ്വത്തുകാക്കുമാത്രമെ അതു പ്രയോജനപ്പെടുന്നുള്ളൂ. സാധുക്കർക്കാക്കും ഭൂസ്വത്തുജാമ്യബാങ്കിൽനിന്നും പണം കടം കിട്ടുന്നില്ല.

Chairman : ഭൂസ്വത്തു ജാമ്യബാങ്കിനു പ്രത്യേകഡിമാൻഡു കൊണ്ടുവരുന്നുണ്ട്. അപ്പോൾ അതു വിഷയത്തെപ്പറ്റി സംസാരിക്കാം. ഈ ഡിമാൻഡിൽ അതു വിഷയം സംസാരിച്ചുകൂടാ.

Mr. J. John Kattakayam : പെൻഷൻപറ്റിയ ഉദ്യോഗസ്ഥന്മാക്കു പെൻഷൻ കിട്ടാൻ വളരെ താമസം നേരിടുന്നു. ഉദ്യോഗസ്ഥലോകം നമ്മെ എപ്പോഴും ഉപദ്രവിച്ചുകൊണ്ടാണിരിക്കുന്നതെങ്കിലും നമുക്കു മഹാമനസ്കത ഉണ്ടായിരിക്കണമല്ലൊ. പെൻഷൻ കൊടുക്കുന്നതിനു ഇത്ര വലിയ താമസം വരുത്തുന്നതു ശരിയല്ല. പെൻഷൻ പറ്റിക്കഴിഞ്ഞാൽ ഒന്നരണ്ടു കൊല്ലം താമസിച്ചതിനുശേഷമാണു് പെൻഷൻ കൊടുത്തുതുടങ്ങുന്നതു്. അധികംപേക്കും അതു വാങ്ങിക്കുന്നതിനുള്ള സൌകര്യം കിട്ടുമോ എന്നു സംശയമാണു്. ഉദ്യോഗം ഉണ്ടായിരുന്നകാലങ്ങളിൽ ശമ്പളമായും കൈക്കൂലിയായും ഒരു നല്ല തുക വാങ്ങിച്ചിരിക്കുമെങ്കിലും അതിൽ വലിയ ഭാഗവും കണ്ടമാനം അക്കാലങ്ങളിൽതന്നെ ചെലവുചെയ്തിരിക്കും. പിന്നീടു പെൻഷൻ കിട്ടുന്നതുവരെ മറ്റുള്ളവരേയോ കുട്ടികളുടേയോ സ്വർണ്ണപണ്ടങ്ങളും പണയംവച്ചോ വിറ്റോ തറവാടു തീറെഴുതിയോ ആണു് അവർ ആവശ്യങ്ങൾ പ്രായേണ നിർവ്വഹിച്ചുവരുന്നതു്. അവർ എപ്പോൾ സർവീസിൽനിന്നും പിരിയുന്നുവോ അപ്പോൾമുതൽ പെൻഷൻ കിട്ടത്തക്ക വ്യവസ്ഥ ചെയ്യണം.

Mr. M. N. Narayana Menon (*Kottayam*) : അഞ്ചു രൂപാ പെൻഷനുള്ളവനു് എന്നാണു പണം കൊടുക്കേണ്ടതു്?

Mr. J. John Kattakayam : അഞ്ചു രൂപാക്കാരനായാലും അൻപതുരൂപാക്കാരനായാലും ജോലിയിൽനിന്നും പിരിയുന്ന ഉടനെതന്നെ പെൻഷൻ കൊടുത്തുതുടങ്ങണമെന്നാണു ഞാൻ പറയുന്നതു്.

ഇന്നത്തെ അക്കൌണ്ടിൽ പല തെറ്റുകളും ഉണ്ടു്. ഇന്നത്തെ ഫിനാൻഷ്യൽസെക്രട്ടറി വന്നതിൽപിന്നെ ഈ തെറ്റുകൾ പരിഹരിക്കപ്പെടുവാൻ എന്തെല്ലാം മാർഗ്ഗങ്ങൾ നിർദ്ദേശിച്ചു, എന്തെല്ലാം നൂതനപദ്ധതികൾ കണ്ടുപിടിച്ചു എന്നൊന്നുംതന്നെ പറയുന്നില്ല. പഴയപടിയുള്ള കണക്കും പഴയപടിയുള്ള ഏർപ്പാടുകളും ഒക്കെയാണു് ഇപ്പോഴും കാണുന്നതു്. ഇവയ്ക്കെല്ലാം പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly

നം സംസ്ഥാനത്തിന്റെ സാമ്പത്തികനയം കുറേക്കൂടി ആശാസ്യമാക്കിത്തീർക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നെങ്കിൽ നിശ്ചയമായും അദ്ദേഹത്തിനു കൊടുക്കുന്ന ഈ വലിയ ശമ്പളത്തിൽ രാജ്യം ഇരുവലിയ അതൃപ്തി പ്രദർശിപ്പിക്കുകയില്ലായിരുന്നു.

Mr. K. P. Nilakanta Pillai: Sir, during the general discussion of the budget I brought to the notice of the House that the budget estimate for the coming year is not really a surplus budget. Not only that, Sir, but also many of the principles enunciated by the Financial Secretary in his speech are wrong and I have requested the Financial Secretary to tell me whether the principles that are to be applied to Travancore finances are followed anywhere in British India or elsewhere. In spite of the assurances of the Financial Secretary that our financial position is one of exceptional strength and soundness, I have my own fears about the financial condition of our State. I have already had occasion to refer to the big schemes launched, all on a sudden, at once in Travancore. But if the Financial Secretary had advised Government correctly about the financial position of the State, I am sure these schemes would not have been launched at once. Whatever may be the assurance of the Financial Secretary, the glaring fact remains that our Government account which stood at Rs. 108 lakhs at the beginning of 1111 is reduced to Rs. 42 and odd lakhs at the close of 1112. In spite of several wind falls of revenue which we were fortunate to get for the coming year the Financial Secretary was not able to balance his budget estimate from the current revenues of the State but also he was compelled to draw Rs. 138 and odd lakhs from the accumulated surplus of our finances. In the wind fall for the next year, we can expect a revenue of Rs. 24·51 lakhs and that is from the Cochin Harbour.

Mr. Kochikal P. Balakrishnan Tampi: Sir, is a detailed criticism on the budget, in order, at this stage?

Chairman: Mr. Nilakanta Pillai is not in order in going into the details. He must confine his remarks to the demand under Financial Secretariat and Account Office.

Mr. K. P. Nilakanta Pillai: Sir, I do not quite follow the Chair.

Chairman: Mr. Nilakanta Pillai shall not have a general discussion on the budget. The member must confine his arguments to the demand under discussion.

Mr. K. P. Nilakanta Pillai: But the Financial Secretary is responsible for laying down financial policies.

Chairman: You were speaking on minute details which are not relevant for the demand.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P. Nilakanta Pillai: So then, Sir, the Financial Secretary was not able to produce a proper and satisfactory budget. There are clear indications in the budget estimate to show that the expenditure is exceeding the revenue year after year. Therefore the financial policy pursued by our Government in general, is not at all sound. I have my own doubts, whether the current year's budget is a deficit or surplus one. But a careful perusal of the accounts of the budget estimate would convince anyone that the year 1112 would inevitably end in a deficit budget. That state of affairs is highly objectionable. Though the policy of drawing from our accumulated surpluses may be justified in one way, the Financial Secretary was not proper in bringing our revenues to such a position as to be a burden to future generations. After two or three years hence the budget will never be balanced.

My point is, apart from details, the financial condition of the State as a whole has not been properly understood and even now whether His Highness the Maha Raja has been properly advised about the finances of the State in general is a proposition to be taken serious notice of. Of course, the accumulated surpluses could be drawn and utilised. But we have to go into the history of how the accumulated surpluses came into existence. By whom, for whom and for what specific purpose they are made is one aspect of the matter. Whether it is right on our part to draw rashly from the accumulated surplus and jeopardise the finances of the State as a whole and that without any extreme necessity is another important aspect of the matter. It is a sorrowful statement indeed when the Financial Secretary admitted that the cash balance in our treasuries is reduced to Rs. 42 and odd lakhs, the irreducible minimum which the treasuries should contain to carry on the administration of the country in peace. That is an alarming state of affairs. It is a sorrowful statement when the Financial Secretary to Government admitted that our cash balance in the Treasuries is reduced to 42 and odd lakhs and that is the irreducible minimum which the Treasuries should contain to carry on the administration of the country. That is an alarming state of affairs. That cannot be disputed, Sir.

Secondly some of the financial policies pursued by the State recently are very objectionable. The Sinking Fund on account of Quilon-Shencotta Railway has been drawn last year or the year before the last. At the same time, our Railway policy has been overlooked by the Financial Department. Whether we run the railways or not, if there is a loss we have to make good the loss to the S. I Railway. Therefore, if we had more lines it could have been pos-

LIBRARY ARCHIVES Kerala Legislative Assembly

sible for us to have more control over the real administration. When the Quilon-Shencotta Railway has been allowed to go away from us we suffered.

It is again regretful, that after having spent a large amount of money for extending the lines from Quilon to Trivandrum, year after year, we lose 70 to 80 thousand rupees on account of the Railway. The Railway auditing and the sort of control we now are able to exercise over the S. I. Railway is also very limited, and are far from satisfactory. We have not control over the finances. We have no control over the expenditure which the S. I. R. incurred year after year here or elsewhere. In regard to the agreement entered into with the S. I. R, so far as the management of the Quilon-Trivandrum railway is concerned, it is found very far from satisfactory. I think immediate steps ought to be taken to revise the agreement to see whether it is possible to get at least no loss if not any profit.

Again, Sir, the financial position of the State can be very well gauged if we refer to page 9 of the budget dealing with the assets and liabilities. I have already referred to that. The distribution of items on the columns of assets and liabilities are unsound and that even misleads the casual reader about the financial position of the State. I have referred to those also in detail during this Session. On all these grounds, I trust that the financial position of the State will be carefully examined, understood and scrutinised, and a less dangerous and less rash policy will be pursued.

Mr. Kochikal P. Balakrishnan Tampi: Sir, in supporting this demand, although budget criticism does not come within the purview of the present discussion, I point out that honourable members may do great disservice to our State by loosely talking about our financial position. I think the finances our country are in a far better position than the finances of other Indian States, including Provinces. Even empires are not proportionately better than we are to-day. I do not think that the situation is such as to require the use of such alarming epithets. Now, Sir, leaving the matter at it, I proceed to another.

It is about the Insurance Scheme. I am glad that the Government is working an Insurance Department. I am only sorry that the Insurance Branch is not put under some trained actuary. Modern insurance is a highly technical affair. An Insurance Department has to be conducted as other business managements would conduct an insurance scheme. Government will have to spend more for advertising, business management and for other things and make up a more attractive and popular programme. The

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kochikal P. Balakrishnan Tampi.]

credit of the Travancore Government is certainly very high and therefore the Insurance Branch is bound to progress very well, if only Government will pay a little more attention to it. Then, I am sure, more people would come to insure and Government can extend the scope and utility of the Insurance Branch. Therefore, my suggestion is that either Government must send a man to get trained in insurance work or get down trained actuary to be put in charge of the Insurance Branch.

Mr. M. N. Narayana Menon : സർ, ഗവണ്മെൻറിന്റെ പല ഡിപ്പാർട്ട്മെൻറിന്റേയും ഭരണറിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്താൻ വളരെ താമസം ഉണ്ടാകുന്നതുപോലെതന്നെ സിവിൽ ലിസ്റ്റും പ്രസിദ്ധപ്പെടുത്തുന്നതിനും വളരെ കാലതാമസം നേരിടുന്നുണ്ട്. നിയമസഭാ പ്രൊസീഡിംഗ്സും വളരെ താമസിച്ചാണ് കിട്ടുന്നത്. ഫ ഫ ൦ ലെ മുനിസിപ്പാലിറ്റി റിപ്പോർട്ട് ഫ ഫ ഫ അവസാനിക്കുന്ന ഈ അവസരം വരെയും കിട്ടിയില്ല. ഇങ്ങനെ പല റിപ്പോർട്ടുകളും കിട്ടാതെയുണ്ട്.

Chairman: ഫിനാൻഷ്യൽ സെക്രട്ടറി അതിന് ഉത്തരവാദിയല്ല.

Mr. M. N. Narayana Menon: സിവിൽ ലിസ്റ്റിനെപ്പറ്റി പറഞ്ഞുവന്നപ്പോൾ ഇക്കാര്യവുംകൂടി പറഞ്ഞു എന്നേയുള്ളൂ.

പെൻഷൻ കൊടുക്കാൻ കാലതാമസം നേരിടുവിക്കുന്നതിനെപ്പറ്റിയാണ് ഇനി പറയുവാനുള്ളത്. ഉദ്യോഗസ്ഥന്മാരുടെ കാര്യം ഞങ്ങൾക്കു പറയേണ്ട ആവശ്യമില്ല. ഭൂനികുതിയുംമറ്റും ഇളച്ചുതരുവാൻ പറയുമ്പോൾ അതിൽ എതിർത്തുനില്ക്കുന്ന ഇവരുടെ കാര്യത്തിൽ തല ഇട്ടുകൂടാത്തതാണ്. എന്നിരുന്നാലും പെൻഷൻ പറ്റിപിരിയുമ്പോൾ അവരോടു കാണിക്കുന്നത് വലിയ അനീതിയാകുന്നു. ഫ ഫ ൦ ൽ സർവീസിൽനിന്നും പിരിഞ്ഞ ചില്ലറ ശമ്പളക്കാരായ പലർക്കും ഇന്നും പെൻഷൻ കിട്ടാതെയുണ്ട്. അങ്ങനെയുള്ള അനവധി ഉദാഹരണങ്ങൾ വേണമെങ്കിൽ എനിക്കു പറയുവാൻ കഴിയും. അതുപോലെ, പെൻഷൻ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുക എന്നുള്ളതും വളരെ ആവശ്യമുള്ള ഒരു കാര്യമാണ്. എല്ലാ പെൻഷൻഡ് ഉദ്യോഗസ്ഥന്മാരുടേയും പേരുവിവരം അടങ്ങിയ ഒരു ലിസ്റ്റു പ്രസിദ്ധപ്പെടുത്തുക എന്നുള്ളതു വളരെ പ്രയാസമേറിയ ഒരു ജോലിയാണെന്നു എനിക്കറിയാം. എങ്കിലും ൪൦ രൂപായിൽകൂടുതൽ പെൻഷൻ വാങ്ങിക്കുന്നവരുടെ ഒരു ലിസ്റ്റ് അവരവർക്കുള്ള പെൻഷൻതുകയോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

അതുവളരെ വിഷമം ഉണ്ടാക്കുകയില്ല. അങ്ങനെയുള്ള ഒരു ലിസ്റ്റു ണ്ടെങ്കിൽ അവരിൽ സ്വദേശികം ആരെല്ലാമാണ, വിദേശികം ആരെല്ലാമാണ്, ഇന്ന് ആരെല്ലാം ജീവിച്ചിരിക്കുന്നു, എന്നറിയുന്നതിനെളുപ്പമുണ്ടല്ലൊ. അവരിൽ ജനങ്ങളെ അത്യധികം ഉപദ്രവിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടെങ്കിൽ അവരും ഇന്നു ജീവിച്ചിരിക്കുന്നൊ, മരിച്ചൊ എന്നു ജനങ്ങൾക്ക് അറിഞ്ഞിരിക്കാമല്ലൊ. സർവീസിൽ ഇരിക്കുമ്പോൾ ജനങ്ങളെ അകാരണമായി ഉപദ്രവിക്കുന്നവർ പലരും കാണും. പെൻഷൻ പറ്റിയാൽ അവരെപ്പറ്റി സാധാരണ ഒന്നും കേൾക്കാറില്ല. അവരെപ്പറ്റി പ്രധാനമായി അറിയാനുള്ള ഏകമാർഗ്ഗം ഈ ലിസ്റ്റാണ്. ആൽമനക് ആൻറ് ഡയറക്ടറിയിൽ പ്രധാന പെൻഷൻകാരുടെ പേരു ചേർത്തിട്ടുണ്ടെന്നുള്ളതു ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ അവരുടെ പേരോടുചേർന്ന് അവരവക്കുള്ള പെൻഷ്യൻതുകയും പ്രസിദ്ധപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം.

പെൻഷൻപറ്റിയവരുടെ പേർ വിവരം അതിൽ ഉണ്ടെങ്കിലും പെൻഷൻതുക വിവരം ഇല്ലെന്നാണ് എനിക്കു തോന്നുന്നതു്. എനിക്കു തെറ്റിയിട്ടുണ്ടെങ്കിൽ തിരുത്താം. ഡയറക്ടറിയുടെ ക്രടെയോ അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലൊ അവരെ സംബന്ധിച്ചുള്ള പൂർണ്ണ വിവരവും പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കും.

അതുപോലെ മരിച്ചുപോകുന്ന ഉദ്യോഗസ്ഥന്മാക്കു ഗ്രാറ്റുവിറ്റി കൊടുക്കുന്നതും വളരെ താമസിച്ചാണ്. ഇതേ സംബന്ധിച്ച് ഈയിടെ ഒരു സർക്കുലറോ എന്തോ പുറപ്പെടുവിച്ചിട്ടുള്ളതായി അറിയാം. അതനുസരിച്ചുള്ള നടപടികൾ എത്രയും എളുപ്പം തുടങ്ങേണ്ടതാണ്.

റയിൽവെ കാര്യത്തെപ്പറ്റിയും സ്വല്പം പറയേണ്ടിയിരിക്കുന്നു. സമീപരാജ്യങ്ങളായ മൈസൂരിലും കൊച്ചിയിലും റയിൽവെ വളരെ ആദായകരമായി പ്രവർത്തിക്കുന്നു. നമ്മുടെ ഗവൺമെൻറു വളരെ പണം റയിൽവെക്കുവേണ്ടി ചെലവാക്കിയിട്ടുണ്ട്. ആണ്ടുതോറും ഒരു നല്ലതുക വീണ്ടും ചെലവാക്കികൊണ്ടിരിക്കുന്നുമുണ്ട്. ഒരാദായവും അതിനു നിന്നു കിട്ടുന്നില്ല എന്നുള്ള സ്ഥിതി എത്രയും വേഗം മാറ്റിക്കൊണ്ടുവരേണ്ടതാണ്.

റയിൽവേയിൽ നമ്മുടെ ആളുകൾക്കു ലഭിക്കാവുന്നിടത്തോളം ജോലി ഇപ്പോൾ ലഭിക്കുന്നില്ല. അഭ്യസ്തവിദ്യരായ അനേകം ആളുകൾ ഇന്നു തൊഴിൽ ഇല്ലാതെ കഷ്ടപ്പെടുന്നു. ഫിനാൻഷ്യൽ സെക്രട്ടറി ആണ്ടുതോറും തയാറാക്കുന്ന രാജ്യഭരണറിപ്പോർട്ടിൽ റയിൽവെ സംബ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. . Narayana Menon.]

സ്ഥിതിയുള്ള കാര്യങ്ങൾ കുറെക്കൂടി വിശദമാക്കി ചേർത്താൽകൊള്ളാം. കഴിവുള്ളിടത്തോളം തിരുവിതാംകൂർകാരെ റയിൽവേ ജോലികൾക്കായി നിയമിക്കുന്നതിലേക്ക് ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടാണിരിക്കുന്നത്.

Mr. G. Narayana Aiyar: I support the demand. In supporting the demand, I bring to the notice of the Financial Secretary only one or two circumstances. The State Life Insurance Branch, according to the report of the Financial Secretary, has been an attractive concern. From his report, on page 24, para 41, we find that during a period of two years and three months policies assuring a sum of above Rs.19 lakhs have been issued. Notwithstaning the fact that it is very good and attractive, the provision in the budget for governing that particular branch seems to be quite inadequate. We see that a Superintendent from the Account Office is given an allowance of Rs. 15 per mensem and put in charge of the insurance branch. The department which has investments in lakhs of rupees has to be managed by an officer of the Account Office, without prejudice to his other duties with an allowance to supervise it.

Mr. Kochikal P. Balakrishnan Tampi: Has that Superintendent any particular training in actuary work ?

Mr. G. Narayana Aiyar: A responsible officer has to be appointed till a technically trained man is available. I think that Government ought to pay serious attention to this matter. Here also a good deal of delay in accepting proposals and issuing policies is caused.

Then again, I will invite the attention of the Financial Secretary to the fact that for the outside audit capable officers ought to be sent. Much depends upon the capacity of the audit officer who goes out.

Another circumstance that I want to refer to is that a lump amount is set apart yearly to the railway expert. We do not know what is the work of the expert and whether he has been receiving this amount yearly. We do not find anything done by the expert ; as such I would also expect a reply from the Financial Secretary on this aspect of the question.

Mr. A. N. Visvanatha Pillai: അക്കൗണ്ടിൽനിന്നും ഫൈനാൻസ് വേർതിരിച്ചപ്പോൾ എന്തെങ്കിലും പുതിയ പദ്ധതിക്ക് ഈ ആണ്ടിൽ പണം പ്രത്യേകം നീക്കിവക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗം എന്നെ നിരാശപ്പെടുത്തുകയാണു ചെയ്തത്. തിരുവിതാംകൂറിലെ കർഷകരുടെ സ്ഥിതിഗ

LIBRARY ARCHIVES Kerala Legislative Assembly

റവും ഭയനീയമായ നിലയിൽ എത്തിയിരിക്കുന്നു. ഇതിനെപ്പറ്റി ഈ സഭയിൽ പലരും വളരെ ശക്തിയായി പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ എവിടെയോ ലോകം ആസകലം ഇപ്പോൾ എക്കണോമിക്കൽ പ്ലാനിംഗിന്റെ കാലമാണ് എന്നു പറഞ്ഞിട്ടുള്ളതായി ഞാൻ കാണ്മിക്കുന്നു. എന്നാൽ തിരുവിതാംകൂറിൽ ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ പോകുന്നതായി യാതൊരു നിർദ്ദേശവും ചെയ്തുകാണുന്നുമില്ല.

Mr. Kochikal P. Balakrishnan Tampi: May I again draw the attention of the Chair that the member is referring to the budget criticism?

Chairman: He is referring to the speech of the Financial Secretary.

Mr. A. N. Visvanatha Pillai: തിരുവിതാംകൂറിലെ കർഷകർ കടംകൊണ്ടു വളരെ ബുദ്ധിമുട്ടുന്നുണ്ട്. ഇതിനൊരു പരിഹാരമാർഗ്ഗം നിർദ്ദേശിച്ചുകൊണ്ട് അതിലേക്ക് ഒരു പഞ്ചവൽസരപദ്ധതിയായിട്ടോ മറ്റോ ഒരു എക്കണോമിക്കൽ പ്ലാനിങ്ങ് നടപ്പിലാക്കുവാൻ ഒരുങ്ങുകയുണ്ടായിട്ടില്ല. ഒരു കർഷകൻ പലിശക്കു പണംവാങ്ങി കൃഷി ചെയ്തുകഴിഞ്ഞാൽ അവന്റെ വിളവുകൊണ്ട് പലിശകൊടുത്തു തീർക്കുവാൻപോലും അവനു സാധിക്കുന്നില്ല. അവനു ആണ്ടോടാണ്ടു കൃഷിയിൽ നഷ്ടമാണു വന്നുകൊണ്ടിരിക്കുന്നത്. അവന് കുറഞ്ഞപലിശക്ക് പണംകിട്ടുന്നില്ല. അവന് വളരെ വലിയ ഒരുതുക കടവുമുണ്ട്. അവന്റെ കടംതീർക്കേണ്ടതോറ്റവും അത്യാവശ്യമാണ്. അതിന് ഒരു എക്കണോമിക്കൽ പ്ലാനിംഗ് കൊണ്ട് മാത്രമെ സാദ്ധ്യമാവുകയുള്ളൂ.

Chairman: പ്ലാൻഡ് എക്കാണമി എന്നോ എക്കണോമിക്കൽ പ്ലാനിംഗ് എന്നോ മെമ്പർ പറഞ്ഞത്?

Mr. A. N. Visvanatha Pillai: ഞാൻപറഞ്ഞത് എക്കണോമിക്കൽ പ്ലാനിംഗ് എന്നാണ്.

ഫൈനാൻസിന്റെ വിഭജനംമൂലം ഇത്തരം കാര്യങ്ങൾക്കു ഒരുനല്ല പദ്ധതിയെങ്കിലും പണം നീക്കിവച്ചിട്ടില്ലാത്ത പുതിയ ഫിനാൻസു മെമ്പറിനെ അഭിനന്ദിക്കുവാൻ വകയൊന്നും ഞാൻ കാണുന്നില്ല. ഈഞ്ചോ ഏഴ്ഴോ കൊല്ലംകൊണ്ടു തീരത്തക്കവിധത്തിൽ ഇതിലേക്ക് ഒരു പദ്ധതി രൂപീകരിക്കുകയും അതു ഗവൺമെൻറിനെ ഏൽപിക്കുകയും ആ പദ്ധതി എത്രയും എളുപ്പത്തിൽ നടപ്പിലാക്കുവാൻ ഗവർമെൻറിനെ ഉപദേശിക്കുകയുമാണ് ഫിനാൻഷ്യൽ സെക്രട്ടറി ചെയ്യേണ്ടിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. N. Visvanatha Pillai.]

റയിൽവേ സംബന്ധിച്ച കണക്കുകൾ ഫിനാൻഷ്യൽ സെക്രട്ടറി ശരിയായി ചെക്കുചെയ്യുന്നുണ്ടോ എന്ന് എനിക്കു സംശയമുണ്ട്. റയിൽവേ കമ്പനിയുടെ കണക്ക് ഓഡിറ്റുചെയ്യുവാൻ തിരുവിതാംകൂർ ഗവർമെൻറിനു അധികാരംതന്നെ ഉണ്ടോ എന്നുള്ള കാര്യവും സംശയമാണ്. കണക്കു നോക്കാതെയും അതിനുള്ള അധികാരമില്ലാതെയും കമ്പനിക്കാർ തരുന്ന കണക്കിനെ മാത്രം വിശ്വസിച്ച് നമ്മുടെ ലാഭനഷ്ടങ്ങൾ നിർണ്ണയിക്കുക എന്നുള്ളതാണ് ഇന്നു നടക്കുന്നതു. ഇതു ഉടനെ മാറ്റേണ്ടിയിരിക്കുന്നു. അവർ പറയുന്നതിനെമാത്രം വിശ്വസിച്ചു നാം പ്രവർത്തിച്ചുകൊള്ളണം എന്നു വരുന്നതു് ഒരിക്കലും നീതികരിക്കത്തക്കതല്ല. നമുക്ക് അവരുടെ കണക്കു് നോക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കേണ്ടതാണ്. അല്ലാതെ അവർ പറയുന്നതിനെമാത്രം അടിസ്ഥാനപ്പെടുത്തി കൊല്ലംതോറും നല്ല ഒരു തുക നഷ്ടമായികൊടുത്തുകൊണ്ടിരിക്കുന്നതു് തീരെ ന്യായീകരിക്കത്തക്കതല്ല

Mr. V. S. Arumukham Pillai: Sir, my friend Mr. Balakrishnan Tampi finds fault with some of the members. .....

Mr. Kochikal P. Balakrishnan Tampi: May I point out, Sir, that I never found fault with any body. Sir, it is quite unparliamentary to use such an expression against a member.

Mr. V. S. Arumukham Pillai: Sir, he found fault with some for using alarming epithets in expressing the financial position of the State and the financial policy of Government. Sir, as I said during the general discussion of the budget really our financial position is alarming and the financial policy pursued by the Government is really dangerous. As the matter has already been dealt with in the general discussion of the budget, I do not think I need dwell upon that point any further. Any how I have to point out that the peculiar and striking feature of the budget is the gradual diversion of the reserve funds, funds contributed by the poor taxpayers. This fund is not going to be utilised for their welfare but they are proposed to be used for some luxuries and extravagant purposes and on ventures of doubtful success.

Leaving that question aside, I shall come to the important question which some of my friends have dealt with, *viz.*, the railway question. Sir, our Financial Secretary is an expert, I understand, in railway accounting and I would request the Government that he may be specially deputed to go into the whole question of railway accounting and submit a report to Government and that that report may be placed before us. Without such a report, Sir, we are not in a position to go minutely into the question of railway finance.

LIBRARY ARCHIVES Kerala Legislative Assembly

Chairman : Has he got the right to audit the railway accounts, under the agreement ?

Mr. V. S. Arumukham Pillai : What I submit to Government is this. The Financial Secretary may be asked to go into the question, whether it is a mattar of accounting or any such thing. Let him go into the question of railway finance and submit a report, as I understand he is an expert in the matter.

Mr. Kochikal P. Balakrishnan Tampi : Does the member think that the Financial Secretary must write a dissertation on railway auditing ?

Mr. V. S. Arumukham Pillai : Whether it is a dissertation or accounting or the policy to be pursued by Government let him go into the question of Travancore railways and submit a report. That is my request to the Government.

I wish to draw the attention of the Financial Secretary to another important matter regarding the Account Office. There is an examination called the Account Office Test and only those candidates who have passed that test should be appointed in the Account Office.

Chairman : You mean the Account Test ?

Mr. V. S. Arumukham Pillai : Not the Account Test but the departmental examination. When such an examination is prescribed and conducted for entry into service into that department I am at a loss to understand why people who have not passed that test are being appointed. I understand that persons who have not passed that test are being appointed. Therefore, with regard to this matter I want an assurance from the Financial Secretary that hereafter only persons who have passed that test will be entertained in the Account Office. With these words I support the motion.

Mr. S. Piraviperumal Pillai : Sir, it was not my intention to speak on this subject, but after hearing my friend Mr. Balakrishnan Tampi, who of late has developed a temperament to preach sermons in this House, I am unable to resist the temptation to utter a few words. Mr. Tampi still thinks that he is still by profession a teacher and his friends on this side are students.

Mr. Kochikal P. Balakrishnan Tampi : Does the honourable member remember that it is as much due to the fact that he finds that many of them need schooling ?

Mr. S. Piraviperumal Pillai : Even if we require schooling, Mr. Balakrishnan Tampi is the last man fit to teach us.

Sir, now that I am on my legs I wish to say a few words. I shall deal with one question, *viz.*, railway in as much as it has been brought in here for discussion. Sir, we have very often on

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Piraviperumal Pillai.]

the floor of this House stated that the auditing of the railway accounts has not been properly done and that much leakage is evidenced in the earning of the railway. Although we know that many persons get in and get out of the train, and much goods are being transported through our railways, all that we find is we are incurring loss every year. That to my mind is due to the fact that the accounts are not looked into and audited by our Government or anybody from our Government. If I understand correct, I believe somebody was sent for training to audit railway accounts, and I believe he is not rotting somewhere in the Secretariat or Account Office or some where in the Huzur Office I think Government incurred some expenditure for his training. I ask the Financial Secretary what that honourable gentleman is now doing. Why not that gentleman be asked to look into these matters and see whether the railway accounts are properly kept and properly maintained? I would also request the Financial Secretary to instruct the Income Tax Collector to ask the railway people to produce accounts before him, to examine whether they maintain their accounts properly, what their profit is and so on. If they are assessed a little more they would produce their accounts. In that case also, Sir, we can look into their account books, examine them and see how matters are getting on there. It is no good in Government saying that there is an agreement and we are unable to know what the railways are doing. It is just like being forced to the piper but not being allowed to call the tune. Therefore I request the Financial Secretary to ask the Income Tax Collector to attend to this and also to see that sufficient work is given to that gentleman who had gone out and returned at State expense for studies in railway accounting.

Another important point that I want to bring to the notice of the Financial Secretary is that last year at this time, the then Financial Secretary stated in the last page of his address, that in future the policy of the Government would be to finance non-productive capital works only from current revenues and he definitely assured the House in so many words. When the present Financial Secretary was speaking during the general discussion of the budget, I asked him about this and he replied that the Financial Secretary did not say so then in so many specific words. I would only request the Financial Secretary to go through the last page of the speech and see if he had said so and if so to let us know what he has got to say.

Rao Bhadur A. Rengasvami Aiyar: Sir, the first point raised is about the financial position of the State. I discussed the whole question very fully for about 1.5 minutes during the general budget discussion. I thought I brought out the position very very

LIBRARY ARCHIVES Kerala Legislative Assembly

clearly. I am sorry I have not got with me now that publication namely the latest copy of Indian Finance. The editor of the Indian Finance has, since my speech, studied the whole question and analysed the position very carefully. The Indian Finance is one of the leading financial papers in India and the editor of that journal agrees in toto with all the conclusions which I urged in my budget speech and the policy which I propose to adopt. That is by the way. The House, I know, is not bound by that opinion. I referred to that only as an expert opinion given by one of the leading financial papers in India at the present moment.

I may tell the House again, Sir, that it may give a wrong picture, to the people outside, of our financial position if the real position is not explained. Certain members, for purposes of rhetoric or on account of the exigencies of debate, with certain amount of exaggeration have pointed out certain aspects of the budget. We know what discount is to be allowed for those expressions. We have got a debt and as overdraft, of Rs. 59·5 lakhs and against that, we have remunerative assets costing above Rs. 112 lakhs. The assets will make them cover the debt and we hope, bring us interest. So there is nothing very alarming about the financial position. You may take my word.

As regards the policy of the Government in incurring expenditure on non-productive works, as I have stated in my budget speech, it is going to be the policy of the Government of Travancore, as it is now the policy in all civilised Governments in other parts of India—in Mysore for example—to incur expenditure on water-supply schemes, drainage schemes, and such other schemes intended for the welfare of the people. Our attempt is only to come up to the standard of Mysore and such other places.

In regard to our financial position, I have only to say that there is absolutely no reason to be alarmed. As I said, the necessity for retrenchment is imperative since it is essential to build up a reserve. The education budget has to be cut down.

Mr. Kochikal P. Balakrishnan Tampi: What about insurance, Sir?

Rao Bahadur A. Rengasvami Aiyar: I shall come to that.

Sir, reference was also made to railways. Sir, our agreement with the Secretary of State for India, and through him, with the South Indian Railway Company, was entered into, long ago. I may inform the House that the Travancore Government have got control over the capital expenditure on the Quilon-Trivandrum line. Every item of such expenditure has to be approved by the Travancore Government. In the Quilon-Shencotta line also, the

LIBRARY ARCHIVES Kerala Legislative Assembly

[Rao Bahadur A. Rengasvami Aiyar.]

estimates for all capital works involving expenditure of Rs. one lakh or more, are sent to the Travancore Government for scrutiny and approval. That is our right, Sir, so far as the railway line is concerned.

Mr. G. Narayana Aiyar: Has the Government on any occasion, raised its voice against such capital expenditure subjected to its approval?

Rao Bahadur A. Rengasvami Aiyar: I am not aware. But I know this much; even during the last meeting of the Finance Committee, the non-official members of that committee had their full say on the question of the opening of a new Railway Station on our line. That shows, Sir, that the representatives of the people of Travancore do have a voice in regard to our railways.

As regards the auditing of the railway accounts, we have addressed the Railway Board on the subject. The position seems to be doubtful as to whether, under our agreement with the Railway Company, our audit of the accounts of the Company is permissible. Government are fully alive to the necessity for such audit, and are anxiously awaiting the reply from the Railway Board.

As regards the scrutiny of the accounts through the income-tax staff, suggested by one member, I do not think that is practicable. The income-tax staff cannot be used for the purpose of carrying on the audit.

As regards the State Life Insurance, some members suggested that the expenditure in the Account Office for this work must be increased to cope with the increased work. I may say, Sir, that there is not much to be done in the Account Office. All that they do is collecting the receipts and crediting them in the Insurance Accounts. Whenever a question of policy, or valuation, or consideration of the rates, arises, such work is done by an Actuary from Bombay. It is mere routine work that the Account Office has to do. The quinquennial valuation is all done by a Bombay Actuary for us.

Mr. Kochikal P. Balakrishnan Tampi: May I know the name of that Bombay Actuary?

Rao Bahadur A. Rengasvami Aiyar: Mr. L. S. Vaidyanathan, if I remember right.

The public branch of the State Life Insurance Scheme is still in its infancy. It was started only about two years ago. We are now managing it as economically as possible. Later on, when the business expands, it may be necessary to separate it from the Account Office and to organise a separate State Life Insurance Office as in Mysore. At present, it is not worthwhile increasing the expenditure.

LIBRARY ARCHIVES Kerala Legislative Assembly

Reference was made to the delay in the verification of pension claims. Recently, a circular has been issued that all pension claims shou'd be settled within one month after the date of retirement. I have an idea of going still further and of asking the heads of departments to take up the verification of pension claims even six months before an officer is due to retire in the ordinary course, so that he may get his pension even in the very month in which he retires.

Chairman : Is there not a rule like that now ?

Rao Bahadur A. Rengasvami Aiyar : No ; on the other hand there seems to be an impression among the officers that, under the T. S. R., they are precluded from submitting pension papers six months before retirement is due. The rule that I have in view is in force in British India ; and I want to introduce it here also.

Chairman : Is there not a rule even now that the liabilities of an officer should be ascertained six months before his retirement is due ?

Rao Bahadur A. Rengasvami Aiyar : That is only with regard to Savings Banks Deposits made by clerks and other officers who have deposited money with the Government as security and whose security deposits have to be returned when they retire. There is no such rule in regard to pensions.

It was suggested by one honourable member that capable officers alone should be deputed for outside audit. At present, Sir, the Account Officer himself is supervising outside audit, so that, the Government have deputed in the past the highest officer possible for this work.

As regards the departmental test for the staff of the Account Office, I may inform the House that, for recruitment to the Account Office, one need not have passed that test ; that is based on general qualifications. And, hereafter, such initial recruitment, to the Account Office also as in the case of other departments, will be made by the Public Service Commissioner. The departmental test has to be passed only a few years after one is appointed as a member of the staff of the office. (*Presidents Bell.*)

The motion that Demand XIV—Financial Secretariat and Account Office for Rs. 1,90,694 be passed was put to the vote of the House and carried.

The grant was made.

DEMAND XV—LEGISLATIVE BODIES.

Rao Bahadur Dr. N. Kunjan Pillai : Sir, I rise to move for a grant not exceeding Rs. 67,500, under Demand XV—Legislative Bodies.

LIBRARY ARCHIVES Kerala Legislative Assembly